പി.എസ്.സി.-യിൽനിന്നും തറവാടക ഈടാക്കുന്നതിനുള്ള നിർദ്ദേശം

100(T1165) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പി.എസ്.സി. ആഫീസിന്റെയും മേഖലാ ആഫീസിന്റെയും പരിധിയിൽ വരുന്ന വിവിധ തസ്തികകളുടെ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റുകൾ, ഡ്രൈവിംഗ് ടെസ്റ്റുകൾ എന്നിവ നടത്തുന്നതിന് സൗജന്യമായി ലഭ്യമായിരുന്ന ആശ്രാമം മൈതാനത്തിന് ഇപ്പോൾ തറ വാടക ഈടാക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പി.എസ്.സി.-ക്ക് 72000 രൂപയുടെ റവന്യൂ റിക്കവറി നോട്ടീസ് നല്കിയിരിക്കുന്നത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി.-യ്ക്ക് സൗജന്യമായി ആശ്രാമം മൈതാനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1995-ലെ കേരള മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് തറവാടക ഈടാക്കാൻ നിർദ്ദേശിച്ച് ഉത്തരവ് നൽകിയിട്ടുള്ളത്. ആയത് പിൻവലിക്കുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല.

(ബി) പി.എസ്.സി. റീജിയണൽ ഓഫീസ് കടിശ്ശികയായ 60,000 (അറുപതിനായിരം രൂപ മാത്രം) രൂപ 28-1-2016-ലെ റ്റി.ആർ5-01587/5645 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. ജില്ലാ ഓഫീസറുടെ കടിശ്ശികയായ 12,000 രൂപ ഇനിയും ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ചെങ്ങറ കുടിയേറ്റ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

101(1166) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിലെ ചെങ്ങറ കുടിയേറ്റ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly